II ഇ.ബി. XII- കേരള നിയമസഭ/XVII-7

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 18, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24 (*181) **പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

പോലീസ് സേനാംഗങ്ങൾ അസുഖംമൂലമോ അപകടം മുതലായവ മൂലമോ ദുരിതം അനുഭവിക്കേണ്ടി വരികയാണെങ്കിൽ അത്തരക്കാരെ സഹായിക്കുന്നതിന് കെ.പി.ഡബ്ല്യൂ & എ ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്;

ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെയും മറ്റും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ചില ജില്ലകളിലും ചില ബറ്റാലിയനുകളിലും ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു;

ഡ്യൂട്ടിക്കിടയിൽ അപകടം പറ്റുന്ന പോലീസുകാർക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് റീ-ഇംബേഴ്സ്മെന്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

മലപ്പുറം എം.എസ്.പി. ക്യാമ്പിൽ ഒരു മലയാളം മീഡിയം സ്കൂളും ഇംഗ്ലീഷ് മീഡിയം സ്കൂളും നിലവിലുണ്ട്. ഇതിന് പുറമേ പോലീസ് ഉദ്യോഗസ്ഥരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം എസ്.എ.പി ക്യാമ്പിലും തൃശ്ശൂർ കേരളാ പോലീസ് അക്കാഡമിയിലും ഓരോ കേന്ദ്രീയ വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു;

പോലീസ് ക്ലബ്ബുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, ചിൽഡ്രൻസ് പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ പോലീസുകാരുടേയും കുടുംബാംഗങ്ങളുടേയും ക്ഷേമത്തിനും ഉല്ലാസത്തിനുമായി ഏർപ്പെടുത്തിയിട്ടുണ്ട്;

പോലീസുകാരുടെ ആത്മവീര്യം വർദ്ധിപ്പിക്കുന്നതിനും അവരിൽ ഐക്യബോധം ഉണ്ടാക്കുന്നതിനും അവരിലെ കലാ-കായിക സാംസ്കാരിക വാസനകളെ പരിപോഷിപ്പിക്കുന്നതിനും പോലീസ് മീറ്റുകളും മറ്റും സംഘടിപ്പിച്ചുവരുന്നു. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഒരു മൾട്ടി ജിംനേഷ്യം, വോളിബോൾ കോർട്ട്, ഇൻഡോർ ഷട്ടിൽ കോർട്ട് തുടങ്ങിയ കായിക വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിന് ഇടയ്ക്കുണ്ടാകുന്ന അപകടങ്ങൾ, പരിക്കുകൾ എന്നിവയെ തുടർന്നുണ്ടാകുന്ന ചികിത്സയ്ക്കും മറ്റുമായി സർക്കാർ ആവശ്യമായ തുക അനുവദിച്ചുവരുന്നു;

സർവ്വീസിലിരിക്കെ അപകടത്തെ തുടർന്ന് മരണപ്പെട്ടുപോകുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ധനഹായം നൽകുന്ന പദ്ധതിയായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി വരുന്നു;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 1586 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കേരളത്തിലെ എല്ലാ മുനിസിപ്പൽ ആസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളിലും വാഹനങ്ങളുടെ എണ്ണം മൂന്നായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജോലിഭാരം കൂടുതലുള്ള മറ്റ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ എണ്ണം രണ്ടായി വർദ്ധിപ്പിച്ചു. ഇതുകാരണം പോലീസ് സ്റ്റേഷനുകളിലേയും ഓഫീസുകളിലേയും യാത്രാസൗകര്യം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ വനിതാ പോലീസ് കോൺസ്റ്റബിൾമാർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 250 സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ പോലീസ് സ്റ്റാഫ് കൗൺസിൽ മീറ്റിംഗ് വിളിച്ചുകൂട്ടുകയും പോലീസ് അസോസിയേഷനുകളുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്;

പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിനായി മെസ് ഫണ്ട്, സ്പോർട്ട്സ് ഫണ്ട്, ഗാർഡൻ ഫണ്ട്, റെജിമെന്റൽ ഫണ്ട്, ക്യാന്റീൻ ഫണ്ട് തുടങ്ങിയ പ്രൈവറ്റ് വെൽഫയർ ഫണ്ടുകൾ നടപ്പിലാക്കി വരുന്നു;

ലോക്കൽ പോലീസിൽ 15 വർഷം സേവനമനുഷ്ഠിച്ച പോലീസ് കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ ഗ്രേഡും 23 വർഷം സേവനമനുഷ്ഠിച്ച ഹെഡ് കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐ ഗ്രേഡും 28 വർഷം സേവനമനുഷ്ഠിച്ച എ.എസ്.ഐ.മാർക്ക് എസ്.ഐ ഗ്രേഡും

നൽകാനുള്ള ഉത്തരവിലൂടെ സംസ്ഥാന പോലീസിൽ ചേരുന്ന മഹാഭൂരി പക്ഷം പോലീസുകാർക്കും എസ്.ഐ.മാരായി റിട്ടയർ ചെയ്യാനുള്ള സാഹച ര്യമുണ്ടാക്കി. ആംഡ് പോലീസിനെയും ലോക്കൽ പോലീസിനെയും സംയോജിപ്പിച്ചുകൊണ്ട് സിവിൽ പോലീസ് കേഡർ സംവിധാനം കൊണ്ടുവ ന്നു. ആംഡ് റിസർവിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരുന്ന 12,000 പോലീ സുകാർക്ക് ലോക്കൽ പോലീസിലേയ്ക്ക് വരാനുള്ള സാഹചര്യമൊരുക്കി. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2953 പുതിയ തസ്തി കകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും സമയബന്ധിതമായി ഉയർന്ന തസ്തി കകളിലേയ്ക്ക് നിയമാനുസരണം പ്രൊമോഷൻ നൽകി വരുന്നുണ്ടെന്നും 1200 ട്രെയിനീസ് പോസ്റ്റുകൾ പുതുതായി ക്രിയേറ്റ് ചെയ്യാനുള്ള തീരുമാനമെ ടുത്തതോടുകൂടി കേരള പോലീസ് സീറോ വേക്കൻസിയുള്ള വകുപ്പായി മാറുമെന്നും 62 പേർക്ക് സ്പോർട്ട്സ് ക്വാട്ടയിലൂടെ നിയമനം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും അടുത്ത വർഷം 100 പേരെ കൂടി നിയമിക്കാ നുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞുവെന്നും മന്ത്രി വ്യക്തമാക്കി. ബിരുദ/ബിരുദാനന്തര ബിരുദമുളള്ള പോലീസ് ഉദ്യോഗസ്ഥർക്ക് എസ്.ഐ. നിയമനത്തിന് നിശ്ചിത ക്വാട്ട പ്രകാരം നിയമനങ്ങൾ നൽകുന്നുണ്ട്. പോലീസ് ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി പോലീസു കാർക്കും ഓഫീസർമാർക്കും താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി യഥാക്രമം 2943 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ, 9 ബാര ക്കുകൾ, 700 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ എന്നിവ നിർമ്മി ച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് സൗകര്യമുള്ള സ്ഥലങ്ങളി ലെല്ലാം ക്വാർട്ടേഴ്സുകൾ/ബാരക്കുകൾ നിർമ്മിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്ലാൻ പദ്ധതി പ്രകാരം 2009-2010 സാമ്പത്തിക വർഷം

അനുവദിച്ച 50 ലക്ഷം രൂപ, കെ.എ.പി. 2-ാം ബറ്റാലിയൻ ആർ.ആർ.ആർ.എഫ്., എം.എസ്.പി. എന്നിവിടങ്ങളിലെ ബാരക്കുകളുടെ അറ്റ കുറ്റപണികൾ തീർക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്ര ങ്ങളിലെ പരിശീലനത്തിന് നിയോഗിക്കപ്പെട്ട റിക്രൂട്ട് പോലീസുകാരുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ തുക വിനിയോ ഗിച്ചിട്ടുള്ളത്. 2010-2011 സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ട 240 ലക്ഷം രൂപ, എസ്.എ.പി.തിരുവനന്തപുരം, കെ.എ.പി. 5-ാം ബറ്റാ ലിയൻ, കെ.എ.പി. 2-ാം ബറ്റാലിയൻ, ആർ.ആർ.ആർ.എഫ്, എം എസ്. പി കൂടാതെ ആലപ്പുഴ, കോട്ടയം, ഇടുക്കി., തൃപ്പൂണിത്തുറ, കളമശ്ശേരി, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലെ എ.ആർ ക്യാമ്പുക ളിലേയും ബാരക്കുകൾ കേടുപാട് തീർത്ത് താമസ സൗകര്യം മെച്ചപ്പെടുത്തു ന്നതിന് വിനിയോഗിച്ചുവരുന്നു. പോലീസ് ആക്റ്റനുസരിച്ച് പോലീസ് വെൽഫെയർ ബ്യൂറോ രൂപീകരിക്കുന്നതിന്റെ ഭാഗമായി പോലീസുകാരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ സൗകര്യം, ഗ്രൂപ്പ് ഭവന നിർമ്മാണം, ഗ്രൂപ്പ് വായ്പാ സൗകര്യം, വിരമിക്കലിന് ശേഷമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാമ്പത്തിക സുരക്ഷ, ജോലിക്കിടയിൽ മരണമടയുന്നവരുടെ അവകാശി കൾക്കുള്ള സാമ്പത്തിക സുരക്ഷ തുടങ്ങിയ നിരവധി മേഖലകളിൽ സർക്കാ രിന് നിയമപരമായി ഇടപെടാൻ കഴിയുന്നതാണ്. മൂന്ന് ഘട്ടങ്ങളിലായി 17 പോലീസ് ജില്ലകളിലെ മൂന്ന് വീതം പോലീസ് സ്റ്റേഷനുകളിലായി ആകെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടു ണ്ട്. ലാ ആന്റ് ഓർഡറുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന പോലീസുകാ രുടെ അംഗസംഖ്യയുടെ പത്ത് ശതമാനം വനിതകളായിരിക്കണമെന്ന് തീരുമാ നിക്കുകയും അതിനനുസരിച്ച് വനിതാ പോലീസുകാരെ റിക്രൂട്ട് ചെയ്ത് വരി

കയുമാണ്. എസ്.ഐ മാരുടെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ വനിതകൾക്കും കൂടി അപേക്ഷ കൊടുക്കാൻ സാധിക്കത്തക്ക വിധത്തിലുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. സ്റ്റേഷനുകളിൽ സ്ത്രീ ജീവനക്കാർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 242-ഉം XI$^{th}$ FCA പ്രകാരം 182-ഉം വനിതാ പോലീസ് വിശ്രമ മുറികൾ നിർമ്മിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 160 സർക്കിൾ ഓഫീസുകൾ സ്ത്രീ സൗഹൃദ പോലീസ് കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. കുറ്റാന്വേഷണങ്ങളിൽ മികവ് തെളിയിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പോത്സാഹനങ്ങൾ നൽകുന്നുണ്ടെന്നും ജനമൈത്രി പോലീസ് സംവിധാനം 43 പോലീസ് സ്റ്റേഷനുകളിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണെന്നും ഇത് നൂറ് പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കാനുള്ള തീരുമാനമെടുക്കുകയും അതിനായി പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥലം ലഭ്യമാകാത്ത സ്ഥലങ്ങളിൽ പൊന്നുംവിലയ്ക്ക് സ്ഥലമെടുത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

25 (*182) **<u>സോഷ്യൽ ആഡിറ്റ് സെൽ</u>**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ആഡിറ്റിനെ സഹായിക്കുവാനായി സംസ്ഥാന തലത്തിൽ സംസ്ഥാന സോഷ്യൽ ആഡിറ്റ് സെൽ രൂപീകരിച്ചിട്ടുണ്ടെന്നും സോഷ്യൽ ആഡിറ്റുമായി

ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങളെടുക്കുന്നതിനും സംസ്ഥാന സോഷ്യൽ ആഡിറ്റ് സെല്ലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന സോഷ്യൽ ആഡിറ്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജില്ലാ സോഷ്യൽ ആഡിറ്റ് കൗൺസിലാണ് സോഷ്യൽ ആഡിറ്റുമായി ബന്ധപ്പെട്ട ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജില്ലാ സോഷ്യൽ ആഡിറ്റ് കൗൺസിലിനെ സഹായിക്കുന്നതിനായി ഒരു ജില്ലാതല റിസോഴ്സ് ടീം ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്ത്/വാർഡ് തലത്തിൽ സോഷ്യൽ ആഡിറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്രാമതല സോഷ്യൽ ആഡിറ്റ് ടീം പ്രവർത്തിക്കുന്നതാണ്. സോഷ്യൽ ആഡിറ്റിലൂടെ പദ്ധതി പ്രവർത്തനത്തിലും മറ്റും കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സോഷ്യൽ ആഡിറ്റിലൂടെ കണ്ടെത്തുന്ന അപാകതകൾ പരിഹരിച്ചതിന് ശേഷം അതിൻമേലുള്ള റിപ്പോർട്ട് ആറ് മാസത്തിന് ശേഷം നടക്കുന്ന അടുത്ത സോഷ്യൽ ആഡിറ്റ് ഗ്രാമസഭ മുൻപാകെ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോഷ്യൽ ആഡിറ്റിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓംബുഡ്സ്മാൻ സംവിധാനത്തിലൂടെ സോഷ്യൽ ആഡിറ്റിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ജനപ്രതിനിധികളുടെ മേൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഈ പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ള സോഷ്യൽ ആഡിറ്റ് സംവിധാനം പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന്റെ പ്രാരംഭ

നടപടി എന്നുള്ള നിലയിൽ അഞ്ച് പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നുണ്ടെന്നും ഇത് സംസ്ഥാന വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കേന്ദ്ര ഗ്രാമവികസന വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശിക വിതരണം ചെയ്യേണ്ടതില്ലെന്ന ഉത്തരവിറക്കിയതെന്നും ഈ പദ്ധതി പ്രകാരമുള്ള വേതനം നൽകുന്നത് കമ്പ്യൂട്ടറൈസ്ഡ് എം.ഐ.എസ് വഴിയാ യതിനാൽ അതിൽ കുടിശ്ശിക കൊടുക്കുന്നതിനുള്ള പ്രൊവിഷനില്ലെന്നും ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഒരു ഉപചോദ്യത്തിൽ ഇടപെ ട്ടുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കി. സോഷ്യൽ ആഡിറ്റിനായി ചേരുന്ന ഗ്രാമസഭകളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശീലനം ലഭിച്ച 15 സന്നദ്ധ പ്രവർത്തകരടങ്ങുന്ന ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ ടീം പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ മൂന്ന് സന്നദ്ധ പ്രവർത്തകരടങ്ങുന്ന ഗ്രാമതല സോഷ്യൽ ആഡിറ്റ് ടീം രൂപീകരിക്കാനുദ്ദേശി ക്കുന്നു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഗ്രാമസഭാ ഫെസിലിറ്റേ റ്റേഴ്സ്, ഗ്രാമതല സോഷ്യൽ ആഡിറ്റ് ടീം, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ എന്നീ സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് സോഷ്യൽ ആഡിറ്റ് ഗ്രാമസഭകളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്നു ണ്ടെന്നും പൊതുസ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുദ്ര യോടുകൂടിയുള്ള പോസ്റ്ററുകൾ മാത്രമേ പ്രദർശിപ്പിക്കാവൂ എന്ന നിർദ്ദേശം കർശനമായി പാലിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

26 (*183) **മത്സ്യത്തൊഴിലാളികൾക്കുള്ള ജീവൻ സുരക്ഷാ പദ്ധതി**

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു.

കേരളത്തിലെ പുറംകടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ഔട്ട്ബോർഡ് മോട്ടോർ ഘടിപ്പിച്ച യാനങ്ങൾക്കുള്ള സുനാമി പുനരധിവാസ പദ്ധതിയും സുനാമി അടിയന്തിര സഹായ പദ്ധതി/പ്രധാനമന്ത്രിയുടെ ദേശീയദുരിതാശ്വാസനിധി എന്നിവ പ്രകാരം സുരക്ഷാകിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയും;

സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുന്ന കടൽസുരക്ഷാ പദ്ധതിയുടെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളുള്ള അഞ്ച് റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി മൂന്ന് ബോട്ടുകൾ വാങ്ങി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ ഫിഷറീസ് സ്റ്റേഷനുകളിൽ കടൽരക്ഷാ പ്രവർത്തനത്തിനുവേണ്ടി പ്രയോജനപ്പെടുത്തിവരുന്നു;

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഒമ്പതു തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് 50 മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് അപ്പപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും മത്സ്യങ്ങൾ കൂടുതലുള്ള മേഖലയെക്കുറിച്ച് അറിവ് നൽകുന്നതിനും അപകടമുന്നറിയിപ്പ് നൽകുന്നതിനുമെല്ലാം ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയാണ് മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ നിർമ്മിക്കുന്നത്;

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കടൽരക്ഷാ പ്രവർത്തനത്തിന് ഒൻപത് തീരദേശ ജില്ലകളിൽ കടൽസുരക്ഷാ സ്ക്വാഡുകൾ

രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ ട്രെയിനിംഗ് നൽകി കടൽരക്ഷാപ്രവർത്തന ത്തിന് റെസ്ക്യൂ ഗാർഡുകളായി താൽക്കാലികമായി ജോലി നൽകി വരുന്നു. കടൽരക്ഷാ സ്ക്വാഡുകളുടെ ആവശ്യത്തിനായി സുരക്ഷാ കിറ്റുകൾ, സെർച്ച് ലൈറ്റ്, ഫയർ എക്സ്റ്റിംഗ്യൂഷർ, ഇൻഫ്ളാറ്റിബിൾ ബോട്ട്സ് എന്നിവയും നൽകുന്നുണ്ട്;

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി കടലോരവുമായി അടു ത്തിടപഴകുന്ന മത്സ്യത്തൊഴിലാളികളുടേയും അവർക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ കടലോര ജാഗ്ര താസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. തീരപ്രദേശങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ നിരീക്ഷിച്ച് സംശയകരമായ സംഗതികളെ ക്കുറിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വിവരം നൽകേണ്ട ചുമ തലയാണ് ജാഗ്രതാസമിതികൾക്കുള്ളത്;

സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, സർവൈവൽ റേഷൻ, റഡാർ റിഫ്ളക്ടർ, കോംപസ്, എമർജൻസി ഫ്ളാഷ് ലൈറ്റ്, ജാക്ക് നൈഫ്, ഫസ്റ്റ് എയ്ഡ് കിറ്റ്, കന്നാസ് എന്നിവ ഉൾപ്പെടുന്ന സുരക്ഷാ കിറ്റുകളുടെ വിതരണം ഒൻപത് തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരികയാണ്. കെൽട്രോൺ വിതരണം ചെയ്ത ഇ.പി.ഐ.ആർ.ബി.യ്ക്ക് ചില സാങ്കേതിക തകരാറുകൾ വന്നതിനാൽ ഐ.എ സ്.ആർ.ഒ.യുടെ നിർദ്ദേശം അനുസരിച്ച് നിലവിലുള്ള ആന്റിനയിലും ബാറ്ററി യിലും മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിച്ച് പ്രസ്തുത മാറ്റങ്ങൾ വരുത്തി എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവ രുന്നു. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം

അപകടമരണം, മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതാകൽ, മത്സ്യബന്ധനവേളയിൽ ഹൃദയാഘാതംമൂലം മരണം, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് 2,00,000 രൂപയുടേയും അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 1,00,000 രൂപയുടേയും അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി ഒരു കുട്ടിക്ക് 5,000 രൂപ മുതൽ പരമാവധി 10,000 രൂപയുടേയും ശവസംസ്ക്കാര ചടങ്ങിന് ധനസഹായമായി പരമാവധി 2,000 രൂപയുടേയും അപകടംമൂലം അവയവങ്ങൾക്ക് ഭാഗികമായ നഷ്ടം സംഭവിക്കുമ്പോൾ 2,000 രൂപ മുതൽ പരമാവധി 50,000 രൂപയുടേയും അപകടംമൂലം 24 മണിക്കൂറിലധികമുള്ള ആശുപത്രി ചികിത്സയ്ക്ക് ചികിത്സാ ധനസഹായമായി പരമാവധി 20,000 രൂപയുടേയും ആനുകൂല്യങ്ങളും വിധവാ പെൻഷൻ പ്രതിമാസം മറ്റ് പെൻഷൻകാർക്ക് പ്രഖ്യാപിക്കുന്ന നിരക്കിലും ലഭിക്കുന്നതാണ്. ഡിസാസ്റ്റർ മാനേജുമെന്റുമായി ബന്ധപ്പെട്ട് ഹെലികോപ്റ്റർ വാങ്ങുന്ന കാര്യത്തിൽ അതിവേഗം തീരുമാനമെടുക്കുന്നതാണെന്നും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഒരു ഏകീകൃത നിയമം പാസ്സാക്കിയിട്ടുണ്ടെന്നും തീരദേശമെന്നോ ഉൾനാടെന്നോ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുള്ള മുഴുവൻ തൊഴിലാളികൾക്കും ഈ മേഖലയിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുമെന്നും വേമ്പനാട്ട് കായലിലെ കുളവാഴ നീക്കം ചെയ്ത് വാല്യൂ ആഡഡ് പ്രോഡക്റ്റായി ഉപയോഗപ്പെടുത്തുന്നതിന് സമഗ്ര കുട്ടനാട് പാക്കേജ് പദ്ധതിയിൽ 22 കോടി രൂപ നീക്കി വയ്ക്കുകയും അതിനുള്ള

ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27 (*184) **രാജീവ് ഗാന്ധി ആവാസ് യോജന**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നഗരങ്ങളെ ചേരിവിമുക്തമാക്കാൻ രാജീവ് ഗാന്ധി ആവാസ് യോജന കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ കോർപ്പറേഷനുകളെ ഉൾപ്പെടുത്തി "ചേരിരഹിത നഗര പ്ലാൻ" തയ്യാറാക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. രാജീവ് ആവാസ് യോജന പദ്ധതിയുടെ പ്രാരംഭ ഘട്ടമായുള്ള "ചേരിരഹിത നഗര പ്ലാനി"-ലേയ്ക്കായി കേന്ദ്ര സർക്കാർ 526.62 ലക്ഷം രൂപ സംസ്ഥാനത്തിന് അനുവദിക്കുകയും ഇതിൽ ആദ്യ ഗഡുവായി 263.31 ലക്ഷം രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ശേഖരിച്ച വിശദാംശങ്ങൾ കോർപ്പറേഷനുകളിലെ ചേരികളുടെ ഗുഗിൾ മാപ്പിലൂടെ പരിശോധിച്ച ശേഷം ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നിർവ്വചനത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നു പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അംഗീകരിച്ച ചേരികളിൽ വിശദമായ സാമൂഹ്യ സർവ്വേ നടത്തി രാജീവ് ആവാസ് യോജനയ്ക്ക് വേണ്ടിയുള്ള കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചേരിനിർമ്മാർജ്ജനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രോജക്ടുകൾ അതത് കോർപ്പറേഷൻതലത്തിൽ

തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. ഇതിന്റെ നടത്തിപ്പിലേയ്ക്കായി സംസ്ഥാന തലത്തിൽ "ചേരിരഹിത നഗര പ്ലാൻ" സെൽ രൂപീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ തലത്തിലും ടെക്നിക്കൽ സെൽ രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും. 51 നഗരപ്രദേശങ്ങളിലായി 2721 ചേരികളുണ്ടെന്നാണ് നഗരസഭകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും നഗരസഭാ പ്രദേശങ്ങളിൽ വിശദമായ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചാൽ മാത്രമേ ചേരികൾ വിമുക്തമാക്കാൻ എത്ര വീടുകൾ നിർമ്മിക്കേണ്ടി വരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂവെന്നും ആയതിനുള്ള പ്രാരംഭ നടപടികൾ രാജീവ് ആവാസ് യോജനയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1464 മുതൽ 1717 വരെയുള്ള ചോദ്യങ്ങളിൽ 125 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)